**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2169** **12-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ലെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ധനകാര്യ (റൂൾസ്) വകുപ്പ് 13.11.1970 ലെ സ.ഉ. (പി) നം.803/70/ഫിൻ പ്രകാരം സർക്കാർ വാഹനങ്ങളുടെ ഉപയോഗത്തിന് ബാധകമായ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് 24-02-2003 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.113/2003/ഫിൻ 19-12-2005 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.543/2005/ഫിൻ, 19-01-2007 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.25/07/ഫിൻ, 02-08-2008 ലെ സർക്കുലർ നം. 41/2008/ഫിൻ എന്നിവ പ്രകാരം ധനകാര്യ (പരിശോധന-നോൺ ടെക്നിക്കൽ) വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് ലഭിയ്ക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ ആകസ്മിക പരിശോധനകൾ (surprise inspection) അടക്കമുള്ള നടപടികളിലൂടെ പരിശോധിച്ച് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് ശിപാർശകൾ ധനകാര്യ (പരിശോധന-നോൺ ടെക്നിക്കൽ) വകുപ്പ് നൽകി വരുന്നുണ്ട്.<br><br>1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 92 A യിൽ പ്രതിപാദിക്കുന്നതിന് വിരുദ്ധമായി ബോർഡുകൾ പ്രദർശിപ്പിക്കുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (ബി) | സർക്കാർ വാഹനം ഉപയോഗിച്ച് രാത്രി കാലങ്ങളിൽ കുറ്റകൃത്യം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ ഉപയോഗിക്കുന്ന വാഹനങ്ങളിൽ കേരള സർക്കാർ എന്ന ബോർഡ് സ്ഥാപിക്കാൻ നിയമം അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരുടെ വാഹനങ്ങളിൽ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രത്യേകം ഉത്തരുവകളൊന്നും നിലവിലില്ല. |
| (ഡി) | ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | 13.11.1970 ലെ സ.ഉ. (പി) നം.803/70/ഫിൻ പ്രകാരമുള്ള സർക്കാർ വാഹനങ്ങളുടെ ഉപയോഗത്തിന് ബാധകമായ ചട്ടങ്ങളും സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച 24-02-2003 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.113/2003/ഫിൻ, 19-12-2005 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.543/2005/ഫിൻ, 19-01-2007 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.25/07/ഫിൻ, 02-08-2008 ലെ സർക്കുലർ നം.41/2008/ഫിൻ എന്നിവയിലെ നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടോയെന്ന് ധനകാര്യ (പരിശോധന-നോൺ ടെക്നിക്കൽ) വകുപ്പ് പരിശോധിച്ചുവരുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കാർ വാഹനം ഉപയോഗിച്ചതായി കണ്ടെത്തുന്ന കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പിഴ ഈടാക്കുന്നതും വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും അടക്കമുള്ള ശിപാർശകൾ ധനകാര്യ (പരിശോധന-നോൺ ടെക്നിക്കൽ) വകുപ്പ് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകുകയും അതുപ്രകാരം ഭരണ വകുപ്പുകൾ തുടർനടപടികൾ സ്വീകരിയ്ക്കുകയും ചെയ്തുവരുന്നുണ്ട്. സർക്കാർ വകുപ്പുകളുടെയോ, മറ്റു സ്ഥാപനങ്ങളുടെയോ വാഹനങ്ങളിൽ കേരള മോട്ടോർ വാഹന ചട്ടം 92 A യിൽ പ്രതിപാദിക്കുന്നതിന് വിരുദ്ധമായി ബോർഡുകൾ പ്രദർശിപ്പിക്കുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പും നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ